ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:05.08.2024**

## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് നിന്നും കാണാതായവർക്കുള്ള തെരച്ചിൽ ഇന്നത്തേക്ക് അവസാനിപ്പിച്ചു. പുനരധിവാസത്തിന് സമഗ്ര പാക്കേജ് നടപ്പിലാക്കുമെന്ന് മന്ത്രി കെഎൻ ബാലഗോപാൽ.
2. ഉരുൾപൊട്ടൽ ബാധിത മേഖലയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ നാളെ വയനാട്ടിൽ യോഗം ചേരും.
3. സംസ്ഥാനത്ത് വീണ്ടും അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്വയം ചികിത്സ പാടില്ലെന്ന് ആരോഗ്യ വകുപ്പ്.
4. സംസ്ഥാനത്തെ വ്യവസായ പാർക്കുകളിലെ വസ്തു നികുതി പിരിവ് തൽക്കാലികമായി നിർത്തിവയ്ക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ്.
5. പാരിസ് ഒളിമ്പിക്സിൽ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിൻറെ വെങ്കല മെഡൽ പോരാട്ടം പുരോഗമിക്കുന്നു.

PNUTVPM

## പാർലമെന്റ്

പാർലമെൻറിൻറെ ഇരു സഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. പുനരുപയോഗ ഊർജ്ജ മന്ത്രാലയ ത്തിൻറെ പ്രവർത്തനങ്ങൾ രാജ്യസഭ ചർച്ച ചെയ്തു. ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന നിരക്കിലെ വർദ്ധനവുൾപ്പെടെയുള്ള വിഷയങ്ങളും രാജ്യസഭയിൽ ചർച്ചക്കെത്തി. അതേസമയം, ലോക്സഭ യിൽ മത്സ്യബന്ധന മേഖലയിലുണ്ടായ പുരോഗതി, Ease of doing business തുടങ്ങിയ വിഷയങ്ങളാണ് ചർച്ചയായത്.

❁❁❁❁❁❁❁❁❁❁

## വയനാട് -ഉരുൾപൊട്ടൽ

വയനാട് ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ദുരിതബാധിതരുടെ പുനരധിവാസം ഉറപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം ചർച്ച ചെയ്തു. കാണാതായവർക്കായുള്ള തെരച്ചിലിൻറെ പുരോഗതിയും യോഗം വിലയിരുത്തി. പുനരധിവാസത്തിനായി സമഗ്ര പാക്കേജ് അനുവദി ക്കുമെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ വയനാട്ടിൽ പറഞ്ഞു. തെരച്ചിൽ കാര്യക്ഷമമാക്കാൻ കൂടുതൽ സൈനികരെയും പ്രത്യേക പരിശീലനം നേടിയ നാല് നായകളെയും എത്തിക്കാൻ തീരുമാനി ച്ചിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്

(വോയ്സ്)

❁❁❁❁❁❁❁❁❁❁

## വി.ശിവൻകുട്ടി

വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നാളെ വയനാട് സന്ദർശിക്കും. ഇത് സംബന്ധിച്ച് കൽപ്പറ്റയിൽ നാളെ രാവിലെ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളും സ്കൂൾ അധികൃതരും പി.ടി.എ

RNU TVPM

പ്രതിനിധികളും പങ്കെടുക്കുന്ന യോഗം നടക്കും. ദുരന്തബാധിത മേഖലയിലെ വിദ്യാർത്ഥികൾക്കായുള്ള കർമ്മപദ്ധതി യോഗം ചർച്ച ചെയ്യും.

## കെ.രാജൻ

വയനാട്ടിൽ രക്ഷാപ്രവർത്തനം ഊർജിതമായി തുടരുകയാണെന്ന് മന്ത്രി കെ.രാജൻ. ചാലിയാറിൽ കൂടുതൽ ആഴത്തിൽ പരിശോധന നടത്തുമെന്നും ഇതിനായി വനംവകുപ്പിന്റെയും എൻ.ഡി.ആർ. എഫിന്റെയും സഹായം തേടുമെന്നും മന്ത്രി അറിയിച്ചു.

## മാനസികാഘാതം - ലഘൂകരണം

RNUTVPM

ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവരുടെ മാനസികാഘാതം ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി 121 പേരടങ്ങിയ പ്രത്യേക സംഘത്തിന് രൂപം നൽകി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലാണ് ടീം രൂപീകരിച്ചത്. ആശുപത്രികൾ, ദുരിതാശ്വാസ ക്യാമ്പുകൾ, വീടുകൾ എന്നിവിടങ്ങളിൽ കഴിയുന്നവർക്ക് മാനസികാ രോഗ്യ ഹെൽപ്പ് ഡെസ്കുകൾ മുഖേന ടീം അംഗങ്ങൾ സേവനം ഉറപ്പാക്കും. ആരോഗ്യ വകുപ്പിന്റെ തിരിച്ചറിയൽ കാർഡുള്ളവ ർക്കാണ് സേവനത്തിന് അനുവാദമുള്ളത്. ഇതിനുപുറമെ 'ടെലി മനസ്സ്' 14416 എന്ന ടോൾ ഫ്രീ നമ്പറിൽ മാനസിക പ്രശ്നങ്ങൾ, വിഷമങ്ങൾ, സംശയ നിവാരണങ്ങൾ എന്നിവക്കായി 24 മണിക്കൂർ സേവനവും ലഭ്യമാണ്.

## കുട്ടിയിടം

വയനാട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കാൻ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ 'കുട്ടിയിടം' പദ്ധതി തുടങ്ങി. കുട്ടികളെ ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കി മാനസിക സംഘർഷം കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കുട്ടികൾക്ക് വിവിധ കളികളിലും ചിത്രരചന, കളറിങ്

തുടങ്ങിയ വിനോദങ്ങളിലും ഏർപ്പെടാനുള്ള അവസരം ഒരുക്കുകയാണ് കുട്ടിയിടം. ദുരന്ത മേഖലകളിൽ പ്രവർത്തിക്കുന്ന 14 ദുരിതാശ്വാസ ക്യാമ്പുകളിലാണ് നിലവിൽ കുട്ടിയിടം പദ്ധതി ആരംഭിച്ചത്. യൂണിസെഫുമായി സഹകരിച്ച് കുട്ടികൾക്കായി ആർട്ട് തെറാപ്പിയും സംഘടിപ്പി ക്കാനുള്ള തയ്യാറെടുപ്പിലാണ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്.

❁❁❁❁❁❁❁❁❁❁

## അഗ്നിരക്ഷാ സേന

ഉരുൾ ജല പ്രവാഹത്തിൽ മുണ്ടക്കൈയിൽ നിന്നെത്തിയ ആദ്യ ഫോൺ കോൾ മുതൽ രാപകലില്ലാതെ ദുരന്തമേഖലയിൽ സാന്നിധ്യമാണ് സംസ്ഥാന അഗ്നി രക്ഷാ സേന. കേന്ദ്രസേനകളും മറ്റ് രക്ഷാസംഘങ്ങളും എത്തുന്നതിനും മുമ്പെ സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ദുരിതബാധിതരിലേക്ക് രക്ഷയുടെ കരങ്ങളെ ത്തിക്കുകയായിരുന്നു അഗ്നി രക്ഷാ സേനാംഗങ്ങൾ. സേനയിലെ 600 പേരാണ് ദുരന്തമുഖത്ത് ഏഴാം ദിവസവും രക്ഷാപ്രവർത്ത നത്തിൽ ഏർപ്പെട്ടത്. കൊച്ചിയിൽ നിന്നുമെത്തിയ സ്കൂബ ഡൈവിങ്ങ് വിങ്ങിലെ അറുപത് പേരടങ്ങിയ സംഘവും രക്ഷാ പ്രവർത്തനത്തിന്റെ തുടക്കം മുതൽ സജീവമായുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁

## കൺട്രോൾ റൂം

വയനാട് മുണ്ടക്കൈ, ചൂരൽ മല ഉരുൾപൊട്ടലിനെ തുടർന്ന് കളക്ടറേറ്റ് ആസ്ഥാനത്തെ ജില്ലാ അടിയന്തര കാര്യ നിർവഹണ ഓഫീസിൽ ഇത് വരെ ലഭിച്ചത് 843 ഫോൺ കോളുകൾ. അപകടമുണ്ടായ ജൂലൈ 29 ന് അർദ്ധ രാത്രിയോടെ അപകട മേഖല യിൽ നിന്നുമാണ് ആദ്യ ഫോൺ കോൾ എത്തിയത്. തുടർന്ന് ഇൻസിഡൻറ് റസ്പോൺസ് സിസ്റ്റം പ്രവർത്തന മാരംഭിക്കുകയും ജില്ലാ അടിയന്തര കാര്യ നിർവഹണ ഓഫീസ് കമാൻറിംഗ് കൺട്രോൾ യൂണിറ്റായി പ്രവർത്തിക്കുകയുമായിരുന്നു.

❁❁❁❁❁❁❁❁❁❁

## ഡ്രോണുകളുടെ പരീക്ഷണം

ചൂരൽമലയിൽ രക്ഷാപ്രവർത്തനം നടത്തുന്നവർക്കായി സമയാസമയം ഭക്ഷണമെത്തിക്കാൻ ഡ്രോണുകളും ഉപയോഗപ്പെടുത്തി. ബാസ്ക്കറ്റിൽ പത്ത് പേർക്കുള്ള ഭക്ഷണപൊതികൾ ഒരേ സമയം വഹിക്കാൻ കഴിയുന്ന ആധുനിക ഡ്രോണുകളാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. ഹിറ്റാച്ചി, ജെ.സി.ബി തുടങ്ങിയ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നവർക്കും രക്ഷാ പ്രവർത്തകർക്കും അതിവേഗം ഭക്ഷണവും വെള്ളവും എത്തിക്കാനുള്ള സംവിധാനമാണിത്.

❋❋❋❋❋❋❋❋❋❋

## മസ്തിഷ്ക ജ്വരം - ജാഗ്രത

തിരുവനന്തപുരത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പി ക്കുന്നതോ ആയ കുളങ്ങളിലെ വെള്ളം ഉപയോഗിക്കുന്നവർ മുൻകരുതലുകളെടുക്കണെമെന്നും മന്ത്രി നിർദേശിച്ചു. മലിനമായ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്. ഇത്തരം കുളങ്ങളിൽ കുളിക്കുന്നവർക്ക് തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടേണമെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിരുന്നു. നെയ്യാറ്റിൻകര പ്ലാവറത്തലയിൽ അനീഷിനാണ് രോഗബാധ സ്ഥിരീകരിച്ചത്. ഇയാളുടെ സുഹൃത്ത് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ ദിവസങ്ങൾക്ക് മുൻപ് മരിക്കു കയും പരിശോധനയിൽ മസ്തിഷ്ക ജ്വരമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. കുളത്തിൽ കുളിച്ചതിനു ശേഷമാണ് കടുത്ത പനി തുടങ്ങിയതെന്ന വിവരം കണക്കിലെടുത്ത് ആരോഗ്യവകുപ്പ് വെള്ള ത്തിന്റെ സാംപിൾ പരിശോധനയ്ക്ക് അയച്ചു.

RNUTVPM

❋❋❋❋❋❋❋❋❋❋

## മസ്തിഷ്ക ജ്വരം- ഡിഎംഒ

അമീബിക് മസ്തിഷ്ക ജ്വര രോഗലക്ഷണങ്ങൾ പ്രകടമായാൽ സ്വയം ചികിത്സ പാടില്ലെന്ന് തിരുവന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ. രോഗം

മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരില്ല. അണുബാധ ഉണ്ടായാൽ ഒന്ന് മുതൽ ഒൻപത് ദിവസങ്ങൾക്കുള്ളിൽ രോഗ ലക്ഷണങ്ങൾ പ്രകടമാകും. 97 ശതമാനത്തിലധികം മരണനിരക്കുള്ള രോഗമായതിനാൽ ലക്ഷണങ്ങൾ പ്രകടമായാൽ എത്രയും വേഗം ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## വ്യവസായ പാർക്ക്

സംസ്ഥാനത്തെ വ്യവസായ പാർക്കുകളിലെ വസ്തു നികുതി പിരിവ് തൽക്കാലം നിർത്തിവക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. വ്യവസായ മന്ത്രി പി.രാജീവും തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി.രാജേഷും സംയുക്തമായി നടത്തിയ യോഗ ത്തിലാണ് തീരുമാനം.

## പാരീസ് ഒളിമ്പിക്സ്

പാരിസ് ഒളിമ്പിക്സിലെ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിൻറെ വെങ്കല മെഡൽ പോരാട്ടം പുരോഗ മിക്കുന്നു. മലേഷ്യൻ താരത്തോടാണ് ലക്ഷ്യ സെൻ ഏറ്റുമുട്ടുന്നത്.

## ബംഗ്ലാദേശ് - പിഎം

ബംഗ്ളാദേശിൽ തുടരുന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി സ്ഥാനത്ത് നിന്ന് ഷെയ്ക്ക് ഹസീന രാജി വച്ചു. ധാക്കയിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതി യിലേക്ക് നൂറുകണക്കിന് പ്രതിഷേധക്കാർ ഇരച്ചുകയറിയതിനെ തുടർന്ന് ഷെയ്ക്ക് ഹസീന സുരക്ഷിതമായ സ്ഥലത്തേക്ക് പോയ തായി ബംഗ്ലാദേശ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അതേസമയം പ്രതിഷേധം അവസാനിപ്പിച്ച് സമാധാനം നില നിർത്താൻ ബംഗ്ലാദേശ് കരസേനാ മേധാവി ജനറൽ വക്കർ-ഉസ്-സമാൻ രാജ്യത്തെ ജനങ്ങളോട് അഭ്യർത്ഥിച്ചു.

RNUTVPM

## ABDULLAKKUTTY – WAQF ACT BILL

കേന്ദ്ര സർക്കാർ കൊണ്ടു വരുന്ന പുതിയ വഖഫ് ബില്ലിനെ സ്വാഗതം ചെയ്യുന്നതായി ബിജെപി ദേശീയ ഉപാധ്യക്ഷൻ എ പി അബ്ദുള്ളക്കുട്ടി. നരേന്ദ്രമോദി സർക്കാർ കൊണ്ടുവരുന്ന ഈ ഭേദ ഗതി സാധാരണക്കാരായ മുസ്ലീംങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് അദ്ദേഹം ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

## മഴ -സംസ്ഥാനം

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ മത്സ്യ ത്തൊഴിലാളി കളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM